**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **08-12-2022 - ൽ മറുപടിയ്ക്ക്**

**അജാനൂർ ഫിഷിങ് ഹാർബർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അജാനൂർ ഫിഷിങ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (എ) | കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ ചിത്താരി കടപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠന റിപ്പോർട്ട് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽ നിന്നും ലഭ്യമായതനുസരിച്ച് 101.33 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യ സമ്പാദയോജന (PMMSY) സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 26/03/2022, 27/03/2022 തീയതികളിൽ ചേർന്ന കേന്ദ്ര സർക്കാരിന് കീഴിലുള്ള ടെക്നിക്കൽ സ്ക്രൂട്ടണി കമ്മിറ്റിയിൽ നിർദ്ദേശിച്ചത് പ്രകാരം ഫിഷിംഗ് ഹാർബറിന്റെ ഭാവി വികസനം കൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയയുടെ വലിപ്പം കൂട്ടുന്നതിന് പുതുക്കിയ മോഡൽ സ്റ്റഡി നടത്തുന്നതിനായി സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ ഏൽപ്പിച്ചിട്ടുണ്ട്. സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ പുതുക്കുന്നതാണ്. ഇതോടൊപ്പം തന്നെ പദ്ധതിക്ക് കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് അക്രിഡിറ്റഡ് ഏജൻസിയെയും CRZ സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് NCESS - നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ